(ബി & സി) കേരളത്തെ ഇന്ത്യയിലുള്ള മറ്റു സംസ്ഥാനങ്ങളിലെ പ്രധാനപ്പെട്ട ടൂറിസ്റ്റുകേന്ദ്രങ്ങളുമായി വായുമാർഗ്ഗം ബന്ധിപ്പിക്കുന്ന കാര്യം പരിശോധിക്കാവുന്നതാണ്.

കേരളത്തിനകത്ത് തേക്കടി, മൂന്നാർ, കൊച്ചി, കുമരകം തുടങ്ങിയ വിനോദ സഞ്ചാര കേന്ദ്രങ്ങളെ ഹെലികോപ്റ്റർ സർവീസ് വഴി ബന്ധിപ്പിക്കുന്നതിനുള്ള ഒരു നിർദ്ദേശം സർക്കാരിന്റെ പരിഗണനയിലുണ്ട്.

ഗ്രാമീണ വിനോദസഞ്ചാര സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് നടപടി

*17 [454] ശ്രീ. കെ. വി. കുഞ്ഞിരാമൻ:
,, വി. കെ. സി. മമ്മത്കോയ:
,, ടി. കെ. ബാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഗ്രാമീണ വിനോദസഞ്ചാര സൗകര്യങ്ങൾ സംസ്ഥാനത്തൊട്ടാകെ വർദ്ധിപ്പിക്കുന്നതിന് സർക്കാർ പ്രഖ്യാപനം നടത്തിയിട്ടുണ്ടോ;

(ബി) എങ്കിൽ ഇതിനു പദ്ധതികൾ തയ്യാറാക്കിയിട്ടുണ്ടോ;

(സി) തന്നാണ്ടിൽ പ്രസ്തുത പദ്ധതികൾ നടപ്പിലാക്കുന്നതിന് ബഡ്ജറ്റിൽ എത്ര തുക വകയിരുത്തിയിട്ടുണ്ട്;

(ഡി) ഗ്രാമീണമേഖലയിൽ എന്തെല്ലാം നിലയിലുള്ള വിനോദസഞ്ചാര സൗകര്യങ്ങൾ വർദ്ധിപ്പിക്കാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്?

വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കെ. സി. വേണുഗോപാൽ):

(എ & ബി) ഗ്രാമീണ വിനോദസഞ്ചാര വികസനങ്ങളുടെ ഭാഗമായി അനുയോജ്യമായ ഗ്രാമങ്ങൾ കണ്ടെത്തി മാതൃകാ ടൂറിസം വില്ലേജായി പ്രഖ്യാപിക്കുന്ന പദ്ധതി നിലവിലുണ്ട്. എറണാകുളം ജില്ലയിലെ കുമ്പളങ്ങി, തിരുവനന്തപുരം ജില്ലയിലെ ബാലരാമപുരം, പത്തനംതിട്ടയിലെ ആറൻമുള എന്നിവ ടൂറിസം വില്ലേജായി പ്രഖ്യാപിച്ചിട്ടുണ്ട്.

(സി) കുമ്പളങ്ങിക്ക് വേണ്ടി 50 ലക്ഷം രൂപ കേന്ദ്രസഹായം ഉൾപ്പെടെ 150 ലക്ഷം രൂപയുടെ പദ്ധതിക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. കുമ്പളങ്ങി, ആറൻമുള എന്നിവയ്ക്ക് 20 ലക്ഷം രൂപ വീതം യു. എൻ. ഡി. പി. സഹായവും ലഭിച്ചിട്ടുണ്ട്. ബാലരാമപുരത്തിന് 50 ലക്ഷം രൂപ കേന്ദ്രം അനുവദിച്ചിട്ടുണ്ട്.

(ഡി) അടിസ്ഥാന സൗകര്യങ്ങളുടെ വികസനം, പരിസ്ഥിതിക്കനുയോജ്യമായ പദ്ധതികൾ, ഹോം സ്റ്റേ പദ്ധതി, ആർട്ട് ആന്റ് ക്രാഫ്റ്റ് വില്ലേജ് രൂപീകരണം, സ്വകാര്യ സംരംഭകർ ഏറ്റെടുക്കുന്ന ചെറുകിട പദ്ധതികളുടെ പ്രോത്സാഹനം തുടങ്ങിയവയാണ് സർക്കാർ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ.

LIBRARY ARCHIVES Kerala Legislative Assembly